# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - T 3200 14.03.2018-ൽ മറുപടിയ്ക്ക്

## മറുനാടൻ മലയാളികളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. റോജി എം. ജോൺ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വിദേശ രാജ്യങ്ങളിൽ സ്വദേശീവൽക്കരണം നടപ്പിലാക്കിയത് മൂലം മടങ്ങിവരുന്ന മറുനാടൻ മലയാളികളിൽ പലരും വിദേശ കമ്പനികളിൽ വിവിധ ജോലികളിൽ നൈപുണ്യം നേടിയവരാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മടങ്ങി വരുന്നവരുടെ കൃത്യമായ വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ലാത്തതിനാൽ ഇവരുടെ വൈദഗ്ധ്യത്തെക്കുറിച്ചുള്ള പൂർണ്ണ വിവരം ലഭ്യമല്ല. |
| (ബി) ഇവരുടെ ജോലിയിലുള്ള നൈപുണ്യം നാട്ടിൽ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ഉപയോഗിക്കുന്ന കാര്യം ആലോചിക്കുമോ ;ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ ? | (ബി) സംസ്ഥാനത്ത് തിരികെയെത്തുന്ന പ്രവാസികളെ സഹായിക്കുന്നതിന് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നല്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ചുരുങ്ങിയത് രണ്ട് വർഷമോ അതിലധികമോ വിദേശത്ത് ജോലി ചെയ്തതിനു ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നുണ്ട്. കൂടാതെ വിദേശത്ത് സാങ്കേതിക മേഖലകളിൽ തൊഴിൽ ചെയ്ത് പരിചയമുള്ളതും എന്നാൽ മതിയായ വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവരുമായ |

പ്രവാസികൾക്ക് അവരുടെ തൊഴിൽ വൈദഗ്ദ്ധ്യം വിലയിരുത്തി പരിശീലനം നൽകി ആധികാരികമായി സാക്ഷ്യപ്പെടുത്തി നൽകുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കി വരുന്നു. ഇവർ നേടിയ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ദ്ധ്യം, പ്രവൃത്തി പരിചയം എന്നിവ കണക്കിലെടുത്ത് ഇവരെ വിവിധ മേഖലകളിൽ മാസ്റ്റർ ട്രെയിനേഴ്സ് ആയി വിനിയോഗിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ